**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4986** **04-07-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയായി പ്രഖ്യാപിച്ച റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ റോഡുകൾ ദേശീയപാതയായി കേന്ദ്ര ഉപരിതല റോഡ് ഗതാഗത മന്ത്രാലയം പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് റോഡുകളുടെ പേരും ആകെ ദൂരവും സഹിതം വ്യക്തമാക്കാമോ; എന്നുമുതലാണ് ഇവയ്ക്ക് ദേശീയപാത സ്റ്റാറ്റസ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 11 ദേശീയ പാതകളാണുള്ളത്. 6 എണ്ണം NHAI -യുടെ കീഴിലും, 5 എണ്ണം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുമാണ് വരുന്നത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഏറ്റവും അവസാനമായി കേരളത്തിൽ NH 183 ദേശീയപാത 07/04/2017 ലെയും, NH 183A, 185 എന്നീ ദേശീയ പാതകൾ 04/03/2014 ലെയും ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമാണ് ദേശീയപാതയായി പ്രഖ്യാപിച്ചത്. അതിന് വളരെ മുൻപ് ദേശീയപാതകളായി പ്രഖ്യാപിക്കപ്പെട്ടവയുടെ പ്രഖ്യാപന തീയതികൾ ഇപ്പോൾ ലഭ്യമല്ല. |
| (ബി) | ദേശീയപാതയായി പ്രഖ്യാപിക്കപ്പെട്ടശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായോ അറ്റകുറ്റപ്പണിക്കായോ സംസ്ഥാന സർക്കാർ പണം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 11 ദേശീയ പാതകളാണുള്ളത്. 6 എണ്ണം NHAI -യുടെ കീഴിലും, 5 എണ്ണം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുമാണ് വരുന്നത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഏറ്റവും അവസാനമായി കേരളത്തിൽ NH 183 ദേശീയപാത 07/04/2017 ലെയും, NH 183A, 185 എന്നീ ദേശീയ പാതകൾ 04/03/2014 ലെയും ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമാണ് ദേശീയപാതയായി പ്രഖ്യാപിച്ചത്. അതിന് വളരെ മുൻപ് ദേശീയപാതകളായി പ്രഖ്യാപിക്കപ്പെട്ടവയുടെ പ്രഖ്യാപന തീയതികൾ ഇപ്പോൾ ലഭ്യമല്ല. |
| (സി) | ദേശീയപാതയായി പ്രഖ്യാപിച്ച പ്രസ്തുത റോഡുകൾക്ക് ദേശീയപാതയുടെ വീതിയോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | NHAI യ്ക്ക് കീഴിലുള്ള ദേശീയപാതകളുടെ പദ്ധതികൾക്ക് NHAI ആണ് പണം അനുവദിക്കുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിലുള്ള ദേശീയപാതകളുടെ ദേശീയപാതകളുടെ പ്രധാന പദ്ധതികൾക്ക് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്നാണ് പണം ലഭിക്കുന്നത്. എന്നാൽ മഴക്കാല പൂർവ്വ |

| | | | |
|---|---|---|---|
| | | | ശുചീകരണത്തിനും, അത്യാവശ്യ ഘട്ടങ്ങളിലെ അറ്റകുറ്റപണികൾക്കുമായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. |
| (ഡി) | ഇവയുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാനത്തിന് വിവരം ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന 473.25 km നീളം ദേശീയപാതകളെ IRC മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്ന തിനുള്ള ഡി.പി.ആർ പ്രവൃത്തി പുരോഗമിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | New No. | Old No. | From | To | Length of NH in Kerala (KM) |
|---|---|---|---|---|---|
| 1 | 66 | NH 17 | Thalapady | Edappalluy | 420.77 |
| | 66 | NH 47 | Edappally | Kaliyikkavila | 248.66 |
| 2 | 544 | NH 47 | Walayar | Edappaly | 168.14 |
| 3 | 85 | NH 49 | Bodimetu | Kundannor | 167.593 |
| 4 | 744 | NH 208 | Kollam | Kottavasal | 81.280 |
| 5 | 766 | NH 212 | Kozhikode | Muthanga (Kerala-Karnataka Border | 117.600 |
| 6 | 966 | NH 213 | Kozhikode | Palakkad | 125.300 |
| 7 | 183 | NH 220 | Kollam | Theni (Tamilnadu border) | 216.30 |
| 8 | 966 B | NH 47 A | Wellington Island | Kundannor | 5.920 |
| 9 | 966 A | NH 47 C | Vallarpadam | Kalamassery | 17.20 |
| 10 | 183 A | | Bharanikkavu | Vandipperiyar (via) Pathanamthitta | 116.80 |
| 11 | 185 | | Adimali | Kumali (via) Painavu | 96.00 |
| | | | | | **1781.563** |